PL. 16. ഇടയലേഖനം

# മിഷൻ മാസവും മിഷൻ ഞായറും

ഈശോയിൽ ഏറെ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും സമാധാനം നിങ്ങളേവരോടുമൊപ്പമുണ്ടാകട്ടെ.

ആഗോള സഭ ഒക്ടോബർ മാസം മിഷൻ മാസമായി ആചരിക്കുകയാണ്. ഈ അവസരത്തിൽ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും മിഷൻ മാസവും മിഷൻ ഞായറും സമുചിതമായി ആചരിക്കുവാൻ ഏവരേയും ക്ഷണിക്കുകയാണ്.

സഭ സ്വഭാവത്താൽതന്നെ പ്രേഷിതയാണ്. സുവിശേഷം പ്രഘോഷിക്കുകയെന്നതാണ് സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യം. ‘‘ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിനു വകയില്ല. അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!’’ (1 കോറി.9:16). മിഷനറി ദൗത്യം മാമ്മോദീസാ സ്വീകരിച്ചിട്ടുള്ള ഏവരുടേയും ഉത്തരവാദിത്വം എന്നാണ് വിശുദ്ധ പൗലോസ്ശ്ലീഹ ഇവിടെ നമ്മെ ഓർമിപ്പിക്കുന്നത്. ‘‘ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ’’ (ലൂക്കാ 24:13-35) എന്ന ആപ്തവാക്യമാണ് ഈ വർഷത്തെ ആഗോള പ്രേഷിത ദിനത്തിൽ ഫ്രാൻസിസ് മാർപാപ്പ നമുക്ക് വിചിന്തനത്തിനായി നൽകിയിരിക്കുന്നത്. എമ്മാവൂസിലേക്ക് യാത്ര തിരിച്ച ശിഷ്യന്മാരുടെ ക്രിസ്തു അനുഭവത്തെ ആധാരമാക്കിയാണ് ഈ ആപ്തവാക്യം തിരഞ്ഞെടുത്തിരിക്കുന്നത്.

നമ്മുടെ ഓരോരുത്തരുടേയും പ്രേഷിത ദൗത്യത്തെപ്പറ്റി ആഴത്തിൽ ചിന്തിക്കുവാനും ക്രിയാത്മകമായി പ്രവർത്തിക്കുവാനും ഈ അവസരം നമുക്ക് ഉപയോഗിക്കാം. വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർതോമാശ്ലീഹ, സഭയെ നയിച്ച പിതാക്കന്മാർ, നമ്മുടെ ഇടവകകളിലെ വൈദികർ, മാതാപിതാക്കന്മാർ, ജ്ഞാനസ്നാന മാതാപിതാക്കന്മാർ, വിശ്വാസത്തിൽ പരിശീലനം നൽകിയ ഗുരുനാ

ഥന്മാർ, സമർപ്പിതർ എന്നിങ്ങനെ നിരവധി പേരുടെ ത്യാഗപൂർവക മായ പ്രേഷിത പ്രവർത്തനങ്ങളിലൂടെയാണ് നമുക്ക് ഈ വിശ്വാസം ലഭിച്ചത് എന്നത് നമ്മുടെ ഓർമ്മയിലുണ്ടോ?

**ചില ചോദ്യങ്ങൾ നാം സ്വയം ചോദിക്കേണ്ടതുണ്ട് :**

1. എന്റെ ക്രിസ്തീയ വിശ്വാസത്തെ ഞാൻ എത്രമാത്രം പ്രാധാന്യ മുള്ളതായി കരുതുന്നു?
2. എനിക്ക് പകർന്നു കിട്ടിയ ക്രിസ്തീയ വിശ്വാസത്തെ പ്രതി എനി ക്കു മുമ്പേ കടന്നുപോയവരോട് ഞാൻ നന്ദിയുള്ളവനാണോ?
3. എനിക്ക് ദാനമായി ലഭിച്ച വിശ്വാസത്തെ മറ്റുള്ളവരുമായി പങ്കുവ യ്ക്കുവാൻ ഞാൻ തയ്യാറാണോ?
4. എന്റെ പ്രവർത്തന മേഖലകളിൽ ഞാൻ ഈശോയ്ക്ക് എങ്ങനെ സാക്ഷ്യം വഹിക്കുന്നു?
5. സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ ഞാൻ എപ്രകാരം സഹായി ക്കുന്നു?
6. എന്റെ പ്രാർത്ഥനയും, എന്റെ അധ്വാനത്തിന്റെയും വരുമാനത്തി ന്റെയും ഒരു പങ്കും പ്രേഷിത പ്രവർത്തനങ്ങൾക്കായി നൽകുവാൻ ഞാൻ തയ്യാറാണോ?

**മിഷൻ മാസാചരണത്തിനും മിഷൻ ഞായർ ആചരണത്തിനുമുതകുന്ന ഏതാനും നിർദ്ദേശങ്ങൾ നൽകുകയാണ്.**

1. പ്രേഷിത അവബോധം വളർത്തുവാനും ജ്വലിപ്പിക്കുവാനുമുത കുന്ന വിവിധ കർമ്മപദ്ധതികൾ കുടുംബ കൂട്ടായ്മാ തലത്തിലും ഭക്തസംഘടനാ തലത്തിലും ആവിഷ്കരിക്കുകയും കൂട്ടായ്മാ തലത്തിൽ പ്രേഷിത ദൗത്യത്തെപ്പറ്റി ക്ലാസും ചർച്ചയും നട ത്തുക.
2. ഒക്ടോബർ മാസത്തിൽ ദൈവാലയത്തിൽ നാം നടത്തുന്ന ജപമാല പ്രാർത്ഥനകളിൽ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ സമർപ്പിച്ച് പ്രാർത്ഥിക്കുക.
3. ഇടവകയിൽ നിന്നുള്ള മിഷനറിമാരെ ഓർമ്മിക്കുകയും ആദരിക്കു കയും ചെയ്യുക.
4. മിഷൻ ഷെയറിംഗ്, എക്സിബിഷൻ മുതലായവ പ്രോത്സാഹി പ്പിക്കുക.

5. നമ്മുടെ രൂപതയുടെ പ്രേഷിത പ്രദേശമായ അരുണാചൽ പ്രദേശിലെ സാന്താമരിയ മിഷനെ പ്രത്യേകം അനുസ്മരിക്കുക.

6. ഒക്ടോബർമാസം 18-ാം തീയതി ഇടവകകൾ, സ്കൂളുകൾ, ഭവനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ലോകസമാധാനത്തിനായി കുട്ടികളുടെ ജപമാല നടത്തുക.

പ്രിയപ്പെട്ടവരേ, ഈശോയോടുള്ള സ്നേഹമാണ് പ്രേഷിത പ്രവർത്തനത്തിന് നമ്മെ പ്രചോദിപ്പിക്കുന്നത്. "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു" (2 കൊറി. 5:14). നമ്മുടെ രൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രേഷിത പ്രവർത്തനങ്ങൾക്ക് നിങ്ങൾ ഏവരും നൽകുന്ന ഔദാര്യപൂർവ്വമായ സഹകരണത്തിന് ഞാൻ നന്ദി പറയുന്നു. നിങ്ങളുടെ ത്യാഗപൂർവമായ സംഭാവനകളും പ്രാർത്ഥനാ സഹായവും വീണ്ടും അഭ്യർത്ഥിക്കുകയാണ്. മിഷൻ സംഭാവനകൾ സ്വീകരിക്കുന്നതിനായുള്ള കവർ പിരിവ് ഈ മാസം നടത്തേണ്ടതാണ്. നമ്മുടെ ഒരു ദിനത്തെ വരുമാനം പ്രേഷിത പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കാം. പ്രേഷിത പ്രവർത്തനം വെല്ലുവിളികൾ നിറഞ്ഞതാണെങ്കിലും പ്രേഷിത തീക്ഷ്ണത നമ്മുടെ ഹൃദയങ്ങളിൽ നമുക്ക് ഉജ്ജ്വലിപ്പിക്കാം. പ്രേഷിത ദൗത്യം മറക്കുന്ന വ്യക്തികളും, ഇടവകകളും, സമൂഹങ്ങളും എല്ലാം ക്രമേണ ക്രിസ്തീയ ജീവിതത്തിൽ സന്തോഷമില്ലാത്തവരായി മാറും. നിസ്സംഗതയും, അതൃപ്തിയും, കുറ്റപ്പെടുത്തലുകളും, പഴിചാരലുകളുമെല്ലാം അതിജീവിച്ചുകൊണ്ട് നമുക്ക് ഔദാര്യപൂർവ്വം, ധീരതയോടും പ്രത്യാശയോടും കൂടി വെല്ലുവിളികളുടെ മദ്ധ്യേ സുവിശേഷത്തിന് സാക്ഷികളാകാം.

പ്രേഷിതരുടെ രാജ്ഞിയായ പരിശുദ്ധ മറിയം നമുക്ക് മാർഗ്ഗദീപമായിരിക്കട്ടെ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിനെയും നാമത്തിൽ ഏവരെയും ആശീർവദിച്ചുകൊണ്ട്.

നിങ്ങളുടെ പിതാവ്

**+ ജോൺ നെല്ലിക്കുന്നേൽ**

ഇടുക്കി രൂപതാ മെത്രാൻ

N.B: ഈ ഇടയലേഖനം എല്ലാ ദൈവാലയങ്ങളിലും 2023 ഒക്ടോബർ 1-ാം തീയതിയോ അല്ലെങ്കിൽ ഒക്ടോബർ 8-ാം തീയതിയോ കുർബാന മധ്യേ വായിക്കേണ്ടതാണ്.